**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **07-10-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പ്രതിവർഷം എത്ര പരീക്ഷകൾ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2023 -ൽ **1588** പരീക്ഷകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര റാങ്ക് ലിസ്റ്റുകൾ 2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | മുൻ വർഷങ്ങളിൽ നടത്തിയ പരീക്ഷകളുടെയുൾപ്പടെ **1074** റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | 2023-ൽ നടത്തിയ പരീക്ഷകളിൽ ഇനിയും പ്രസിദ്ധീകരിക്കാനുള്ള റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | **1038** റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചു. **550** റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു . |
| (ഡി) | പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ എല്ലാം കാലാവധി ഒന്നുതന്നെയാണോ; വിശദമാക്കാമോ; | (ഡി) | യൂണിഫോംഡ് തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവും എന്ന നിലയിലാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. യൂണിഫോംഡ് തസ്തികകളുടെ റാങ്ക് പട്ടികയുടെ കാലാവധി പരമാവധി ഒരു വർഷം വരെയാണ്.<br><br>നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ ഒരു റാങ്ക് പട്ടികയിൽ നിന്നും ഒരു ഉദ്യോഗാർത്ഥിയെ പോലും നിയമന ശിപാർശ ചെയ്യുന്നതിനുള്ള ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി ഒരു ഉദ്യോഗാർത്ഥിയെ എങ്കിലും നിയമനശിപാർശ ചെയ്യുന്നതിനുള്ള ഒഴിവ് ലഭിക്കുന്നത് വരെയോ പരമാവധി ഒരു വർഷം കൂടിയോ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ചു നൽകുന്നുണ്ട്. |
| (ഇ) | നിശ്ചിത സമയം കഴിഞ്ഞിട്ടും നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ അത് ഏതിനൊക്കെയാണെന്ന് വിശദമാക്കാമോ; കാലാവധി നീട്ടിക്കൊടുക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (ഇ) | നിലവിലെ ഒരു റാങ്ക് പട്ടികകളുടെയും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ